മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 17

# വാർത്താക്കുറിപ്പ്

---

## ജെ.ആർ.എഫ്. ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷൻറെയും സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയുടെയും സംയുക്ത സംരംഭമായ ഗവേഷണ പ്രോജക്ടിൽ കെമിക്കൽ എൻജിനിയർ തസ്തികയിൽ ജൂനിയർ റിസർച്ച് ഫെലോയുടെ ഒഴിവിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സൂപ്പർ മോളിക്കുലാർ സിന്തസിസ് ആൻറ് ഫംഗ്ഷണൽ മോഡിഫിക്കേഷൻ ഓഫ് ന്യൂട്രസ്യൂട്ടിക്കൽ ആൻറ് ഫുഡ് സപ്ലിമെൻറ്സ് എന്ന പ്രോജക്ടിൽ ഒരു ഒഴിവാണുള്ളത്.

കെമിക്കൽ എൻജിനീയറംഗിൽ ബി.ഇ. അല്ലെങ്കിൽ ബി.ടെക് ബിരുദവും കെമിക്കൽ എൻജിനീയറിംഗിലോ പോളിമർ എൻജിനിയറിംഗിലോ അനുബന്ധ മേഖലകളിലോ ഉള്ള എം.ടെക് ബിരുദവും മതിയായ സി.എസ്.ഐ.ആർ/ ജെ.ആർ.എഫ്/ ഗേറ്റ് സ്കോറും ഉള്ളവരെയാണ് പരിഗണിക്കുന്നത്.

സി.എസ്.ഐ.ആർ/ ജെ.ആർ.എഫ് യോഗ്യതയുള്ളവർക്ക് യു.ജി.സി. മാനദണ്ഡമനുസരിച്ചും അല്ലാത്തവർക്ക് പ്രതിമാസം 25000 രൂപ നിരക്കിലും പ്രതിഫലം ലഭിക്കും. മൂന്നു വർഷത്തേക്കാണ് നിയമനം.

ബയോഡാറ്റ, കവറിംഗ് ലെറ്റർ എന്നിവ 'mguif@mgu.ac.in' എന്ന ഇ-മെയിൽ വിലാസത്തിൽ ഒക്ടോബർ 14നു മുൻപ് അയയ്ക്കണം.

വിശദവിവരങ്ങൾക്ക് എം.ജി. സർവകലാശാല ഇന്നവേഷൻ ഫൗണ്ടേഷനിൽ ബന്ധപ്പെടണം. ഫോൺ: 0481 2992684, 8078010009. വെബ്സൈറ്റ്: (www.mgu.ac.in).

(പി.ആർ.ഒ./39/1339/2022)

## യൂണിയൻ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2021-22) തെരഞ്ഞെടുപ്പിൻറെ ഫലം പ്രഖ്യാപിച്ചു. വിജ്ഞാപനം സർവകലാശാല ഓഫിസിലും വെബ്സൈറ്റിലും ലഭിക്കും.

(പി.ആർ.ഒ./39/1340/2022)

## നെറ്റ്/ ജെ.ആർ.എഫ്. പരീക്ഷാപരിശീലനം

മാനവിക വിഷയങ്ങളിലെ യു.ജി.സി - നെറ്റ് / ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനു വേണ്ടിയുള്ള ഓഫ്ലൈൻ പരിശീലന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കും. വിശദ വിവരങ്ങൾ ഓഫീസില് ലഭിക്കും. ഫോൺ: 0481 - 2731025.

(പി.ആർ.ഒ./39/1341/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒക്ടോബർ ഏഴിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 27 വരെയും പിഴയോടു കൂടി സെപ്റ്റംബർ 28 നും സൂപ്പർ ഫൈനോടു കൂടി സെപ്റ്റംബർ 29 നും അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1342/2022)

## പരീക്ഷാ ഫലം

കഴിഞ്ഞ ജനുവരിയിൽ(2022) നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്പെയ്സ് സയൻസ് (പി.ജി.സി.എസ്.എസ് - 2020 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ ഒന്നിനകം ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1343/2022)

നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി (പി.ജി.സി.എസ്.എസ് - സപ്ലിമെൻററി -നവംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 30 നകം ഓൺലൈനില് അപേക്ഷിക്കാം. വിശദിവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1344/2022)

ഒന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2020 അഡ്മിഷൻ - റഗുലർ / 2019, 2018 അഡ്മിഷനുകൾ - സപ്ലിമെൻററി) 2022 മാർച്ചില് നടന്ന പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഒക്ടോബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1345/2022)

**ജസ്റ്റിൻ ജോസഫ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**